**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4088** **28-06-2024 - ൽ മറുപടിയ്ക്ക്**

**കെ.എം.എസ്.സി.എൽ.ലെ നിയമനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി ഉമ തോമസ്** | | **ശ്രീമതി വീണാ ജോർജ്ജ്**<br>**(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | ആരോഗ്യ കുടുംബക്ഷേമ (ബി) വകുപ്പിന്റെ 15.12.2022-ലെ സ. ഉ. (കൈ) 285/2022/ എച്ച് &എഫ്. ഡബ്ള്യൂ.ഡി. നമ്പർ ഉത്തരവ് പ്രകാരം കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ ലിമിറ്റഡിലെ (കെ.എം.എസ്.സി.എൽ.) 615 കരാർ ജീവനക്കാർക്കും 40 ദിവസവേതന ജീവനക്കാർക്കും ശമ്പളം നൽകിയ മാനദണ്ഡം വ്യക്തമാക്കാമോ; പ്രസ്തുത ജീവനക്കാർക്ക് നാളിതുവരെ എത്ര രൂപ ശമ്പളമായി കെ.എം.എസ്.സി.എൽ. നൽകിയിട്ടുണ്ടെന്ന് അറിയിക്കാമോ; | (എ) | കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷനിലെ കരാർ/ദിവസ വേതന അടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന ജീവനക്കാർക്ക് 24/04/2018 ലെ സ. ഉ (കൈ) നം 62/2018/ആകുവ നമ്പർ ഉത്തരവ് പ്രകാരം അനുവദിച്ചിരുന്ന വേതന വർദ്ധനവ് കണക്കിലെടുത്ത് ടി ജീവനക്കാരുടെ വേതനം വീണ്ടും പരിഷ്കരിക്കുന്നതിനായി കോർപ്പറേഷൻ പ്രൊപ്പോസൽ സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ 15/12/2022 ലെ സ. ഉ (കൈ) 285/2022/ആകുവ നമ്പർ ഉത്തരവ് പ്രകാരമാണ് കോർപ്പറേഷനിലെ കരാർ/ദിവസ വേതന ജീവനക്കാരുടെ വേതനം പരിഷ്കരിച്ച് സർക്കാർ ഉത്തരവായിട്ടുള്ളത്.<br><br>2022 ഡിസംബർ മുതൽ നാളിതുവരെ കരാർ ജീവനക്കാർക്ക് 28,26,40,202/- രൂപയും, ദിവസവേതന ജീവനക്കാർക്ക് 7,22,16,116/- രൂപയും വേതനമായി നൽകിയിട്ടുണ്ട്. |
| (ബി) | കെ.എം.എസ്.സി.എൽ.ൽ സംവരണ നിയമങ്ങൾ പാലിക്കാതെ ജീവനക്കാരെ നിയമിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അപ്രകാരം നിയമനം നടത്തിയ ഉദ്യോഗസ്ഥർക്കെതിരെ നാളിതുവരെ സ്വീകരിച്ച നടപടി വ്യക്തമാക്കുമോ; | (ബി) | 01.11.2007 തീയതിയിലെ സ.ഉ. (പി) 448/2007/ എച്ച് & എഫ്.ഡബ്ല്യു.ഡി. നമ്പർ ഉത്തരവ് പ്രകാരം കേരള മെഡിക്കൽ സർവീസസ് കോർപറേഷന്റെ പ്രവർത്തനങ്ങൾ നിർവ്വഹിക്കുന്നതിനായി 16 തസ്തികകളും, 15.05.2008 - ലെ സ.ഉ. (കൈ) 155/2008/എച്ച് & എഫ്.ഡബ്യ.ഡി. ഉത്തരവ് പ്രകാരം താല്ക്കാലികാടിസ്ഥാനത്തിൽ 70 തസ്തികകളും അനുവദിച്ചിരുന്നു. എന്നാൽ കോർപ്പറേഷന്റെ പ്രവർത്തനത്തിന് ഈ തസ്തികകൾ തികച്ചും അപര്യാപ്തമായതിനാൽ കോർപ്പറേഷന്റെ സുഗമമായ പ്രവർത്തനത്തിനും കാര്യക്ഷമമായ സേവനം ലഭിക്കുന്നതിനുമായി, ജീവനക്കാരെ കരാർ/ ഡെപ്യൂട്ടേഷൻ/ഔട്ട്സോഴ്സ് വ്യവസ്ഥയിൽ കുറഞ്ഞത് ഒരു വർഷക്കാലയളവിലേയ്ക്ക് നിയമിക്കുന്നതിന് 01.11.2007 ലെ ഉത്തരവിൽ അനുമതി നൽകിയത് പ്രകാരം വിവിധ കാലയളവുകളിലായി പത്രപ്പരസ്യം |

| | | | |
|---|---|---|---|
| | | | നല്കിയും, നേരിട്ടും, ഡെപ്യൂട്ടേഷൻ മുഖേനയും എംപ്ലോയ്മെൻറ് എക്സ്ചേഞ്ച് മുഖേനയും ജീവനക്കാരെ കോർപ്പറേഷൻ നിയമിച്ചു വന്നിരുന്നു. സർക്കാർ ആശുപത്രികൾക്ക് മരുന്നും അനുബന്ധ ഉപകരണങ്ങളും സംഭരിച്ച് വിതരണം ചെയ്യുക എന്ന അതീവ ഉത്തരവാദിത്തത്തോടുകൂടി നിർവ്വഹിക്കേണ്ട പ്രവർത്തനമാണ് കോർപ്പറേഷൻ നടത്തിവരുന്നത് എന്നത് കണക്കിലെടുത്ത് കരാർ അടിസ്ഥാനത്തിൽ എടുത്ത ജീവനക്കാരെ ഓരോ വർഷവും ഒരു ദിവസത്തെ കരാർ ബ്രേക്ക് നല്കി പെർഫോർമൻസ് അപ്രൈസലിന്റെ അടിസ്ഥാനത്തിൽ വീണ്ടും കോർപ്പറേഷനിൽ കരാർ അടിസ്ഥാനത്തിൽ നിയമിച്ചും, ദിവസവേതനത്തിൽ എടുത്ത ജീവനക്കാരെ 179 ദിവസത്തെ സേവനത്തിനുശേഷം ഒരു ദിവസത്തെ ബ്രേക്ക് നല്കി വീണ്ടും ദിവസവേതനാടിസ്ഥാനത്തിൽ നിയമിച്ചും ആണ് കോർപ്പറേഷൻറെ പ്രവർത്തനം മുന്നോട്ട് കൊണ്ട് പോകുന്നത്. നിലവിൽ ഉണ്ടാകുന്ന ഒഴിവുകളിൽ എംപ്ലോയ്മെൻറ് എക്സ്ചേഞ്ച്/കെക്സ്കോൺ / കുടുംബശ്രീ /എക്സ് സർവ്വീസ് മെൻ ലീഗ് എന്നിവ മുഖേനയാണ് ജീവനക്കാരെ നിയമിക്കുന്നത്. |
| (സി) | പ്രസ്തുത വിഷയം പരിഹരിക്കുന്നതിന് നിലവിൽ സ്വീകരിച്ചുവരുന്ന നടപടി എന്താണെന്നും അതിന്റെ രേഖകളുടെ പകർപ്പും ലഭ്യമാക്കാമോ? | (സി) | 01.11.2007 തീയതിയിലെ സ.ഉ. (പി) 448/2007/ എച്ച് & എഫ്.ഡബ്ല്യു.ഡി. നമ്പർ ഉത്തരവ് പ്രകാരം കേരള മെഡിക്കൽ സർവീസസ് കോർപറേഷന്റെ പ്രവർത്തനങ്ങൾ നിർവ്വഹിക്കുന്നതിനായി 16 തസ്തികകളും, 15.05.2008 - ലെ സ.ഉ. (കൈ) 155/2008/എച്ച് & എഫ്.ഡബ്യൂ.ഡി. ഉത്തരവ് പ്രകാരം താല്ക്കാലികാടിസ്ഥാനത്തിൽ 70 തസ്തികകളും അനുവദിച്ചിരുന്നു. എന്നാൽ കോർപ്പറേഷന്റെ പ്രവർത്തനത്തിന് ഈ തസ്തികകൾ തികച്ചും അപര്യാപ്തമായതിനാൽ കോർപ്പറേഷന്റെ സുഗമമായ പ്രവർത്തനത്തിനും കാര്യക്ഷമമായ സേവനം ലഭിക്കുന്നതിനുമായി, ജീവനക്കാരെ കരാർ/ ഡെപ്യൂട്ടേഷൻ/ഔട്ട്സോഴ്സ് വ്യവസ്ഥയിൽ കുറഞ്ഞത് ഒരു വർഷക്കാലയളവിലേയ്ക്ക് നിയമിക്കുന്നതിന് 01.11.2007 ലെ ഉത്തരവിൽ അനുമതി നൽകിയത് പ്രകാരം വിവിധ കാലയളവുകളിലായി പത്രപ്പരസ്യം നല്കിയും, നേരിട്ടും, ഡെപ്യൂട്ടേഷൻ മുഖേനയും എംപ്ലോയ്മെൻറ് എക്സ്ചേഞ്ച് മുഖേനയും ജീവനക്കാരെ കോർപ്പറേഷൻ നിയമിച്ചു വന്നിരുന്നു. സർക്കാർ ആശുപത്രികൾക്ക് മരുന്നും അനുബന്ധ ഉപകരണങ്ങളും സംഭരിച്ച് വിതരണം ചെയ്യുക എന്ന അതീവ ഉത്തരവാദിത്തത്തോടുകൂടി നിർവ്വഹിക്കേണ്ട പ്രവർത്തനമാണ് കോർപ്പറേഷൻ നടത്തിവരുന്നത് എന്നത് കണക്കിലെടുത്ത് കരാർ അടിസ്ഥാനത്തിൽ എടുത്ത ജീവനക്കാരെ ഓരോ വർഷവും ഒരു |

| | | | |
|---|---|---|---|
| | | | ദിവസത്തെ കരാർ ബ്രേക്ക് നല്കി പെർഫോർമൻസ് അപ്രൈസലിന്റെ അടിസ്ഥാനത്തിൽ വീണ്ടും കോർപ്പറേഷനിൽ കരാർ അടിസ്ഥാനത്തിൽ നിയമിച്ചും, ദിവസവേതനത്തിൽ എടുത്ത ജീവനക്കാരെ 179 ദിവസത്തെ സേവനത്തിനുശേഷം ഒരു ദിവസത്തെ ബ്രേക്ക് നല്കി വീണ്ടും ദിവസവേതനാടിസ്ഥാനത്തിൽ നിയമിച്ചും ആണ് കോർപ്പറേഷൻറെ പ്രവർത്തനം മുന്നോട്ട് കൊണ്ട് പോകുന്നത്. നിലവിൽ ഉണ്ടാകുന്ന ഒഴിവുകളിൽ എംപ്ലോയ്മെൻറ് എക്സ്ചേഞ്ച്/കെക്സ്കോൺ / കുടുംബശ്രീ /എക്സ് സർവ്വീസ് മെൻ ലീഗ് എന്നിവ മുഖേനയാണ് ജീവനക്കാരെ നിയമിക്കുന്നത്. |

സെക്ഷൻ ഓഫീസർ